മൊബൈൽ ഫോണുകളുടെ ഉപയോഗം നിരോധിക്കുകയോ നിയന്ത്രിക്കുകയോ ചെയ്യുന്നതിനെക്കുറിച്ചും അശ്ലീല ചുവയുള്ള സിനിമാറ്റിക് ഡാൻസ്, ഫാഷൻഷോ എന്നിവ നിരോധിക്കുന്നതിനെക്കുറിച്ച് അഭിപ്രായസമന്വയം ഉണ്ടാക്കുന്നതിനായി വിദ്യാർത്ഥി സംഘടനാ പ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടേയും ഒരു യോഗം വദ്യാഭ്യാസമന്ത്രി വിളിച്ചു ചേർത്തിരുന്നു. വിവിധ തലങ്ങളിൽ നടത്തുന്ന ഇത്തരം ചർച്ചകളിലും കൂടിയാലോചനകളിലും ഉരുത്തിരിയുന്ന അഭിപ്രായങ്ങളുടെ അടിസ്ഥാനത്തിൽ ഗവൺമെന്റ് ഇതു സംബന്ധിച്ച നയപരമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

സ്കൂളുകളിൽ സ്പെഷ്യലൈസ്ഡ് അദ്ധ്യാപക തസ്തിക നിറുത്തലാക്കിയ നടപടി

101 [700] ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ സ്കൂളുകളിൽ എത്ര സ്പെഷ്യലൈസ്ഡ് അദ്ധ്യാപക തസ്തിക നിർത്തലാക്കിയിട്ടുണ്ട്; നിറുത്തലാക്കാനുള്ള കാരണം വ്യക്തമാക്കുമോ. ;

(ബി) എയിഡഡ് സ്കൂളുകളിൽ ഈ വർഷം എത്ര സ്പെഷ്യലൈസ്ഡ് അദ്ധ്യാപക തസ്തികകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 503 സ്പെഷ്യലിസ്റ്റ് അദ്ധ്യാപക തസ്തികകൾ നിറുത്തലാക്കിയിട്ടുണ്ട്. വിദ്യാർത്ഥികളുടെ എണ്ണത്തിലുള്ള കുറവ് മൂലവും പിരേയ്ഡ് കുറവു മൂലവുമാണ് തസ്തികകൾ നിർത്തലാക്കേണ്ടിവന്നത്.

(ബി) 84.

സ്കൂളുകളിൽ കമ്പ്യൂട്ടർ പഠിപ്പിക്കുന്ന പദ്ധതി

102 [701] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ കമ്പ്യൂട്ടർ പഠിപ്പിക്കുന്നതിനുള്ള ഒരു പദ്ധതി കേന്ദ്രത്തിനു സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര കോടി രൂപയുടെ പദ്ധതിയാണ് സമർപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ഇക്കാര്യത്തിൽ കേന്ദ്രത്തിൽ നിന്ന് എന്തെങ്കിലും സഹായം ലഭിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(സി) കേന്ദ്ര സഹായം ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly